# സിറ്റിസൺ അദാലത്ത്

**ഉത്തരവ് നമ്പർ CRIDK21265000019/IVO2/LSGD - ഇടുക്കി തിയതി 15/07/2025**

കട്ടപ്പന മുൻസിപ്പാലിറ്റി 34ആം വാർഡിൽ നിർമലാസിറ്റി കരയിൽ ഉറുമ്പോലിൽ വീട്ടിൽ വാഴവര പി ഓ, എന്ന വിലാസത്തിൽ താമസിച്ച് വരുന്ന ശ്രീ ജയ്സോൺ യു വി എന്നയാൾ സമർപ്പിച്ച പരാതിയിൽ പ്രസ്തുത വാർഡിൽ മുൻ സാമ്പത്തിക വർഷത്തിൽ പാർശ്വ ഭിത്തി നിർമ്മാണത്തിന് അനുവദിച്ചിരുന്ന 2.25 ലക്ഷം രൂപ ഇതുവരെയും വിനിയോഗിക്കാത്തതു സംബന്ധിച്ചാണ് പരാതി.

**അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട്**

കട്ടപ്പന നഗര സഭ 2022-23 വാർഷിക പദ്ധതിയിൽ പ്രൊജക്റ്റ് നമ്പർ 333/23 ഡയറിപ്പടി വിരിപ്പിൽപ്പടി സൈഡ് വാൾ വാർഡ് 34 എന്ന പദ്ധതിക്ക് (മെയിന്റനൻസ് ഫണ്ട് റോഡ് ) 2,25000/-രൂപ വകയിരുത്തുകയും ഡി പി സി അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ് പ്രവർത്തി ടെൻഡർ ചെയ്തു ശ്രീ വേണു സണ്ണി പാലത്തിനാൽ വള്ളക്കടവ് എന്നയാൽ 23/03/2023ൽ പ്രവർത്തി ഏറ്റെടുത്ത് കരാർ വെച്ചിട്ടുള്ളതുമാണ് 2022-23 ൽ പ്രവർത്തി നടപ്പാകാത്തതിനാൽ 2023-24ൽ ടി പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുകയും (പ്രൊജക്റ്റ് നമ്പർ 549/24) ചെയ്തു .എന്നാൽ ടി പ്രവർത്തിക്കായി നിർമാണ സാമഗ്രികൾ കൊണ്ടുപോകുന്നതിന് വഴി സൗകര്യം ഇല്ല എന്ന കാരണത്താൽ പദ്ധതി നടപ്പിലായില്ല തന്മൂലം 2024-25 വർഷത്തിൽ പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയുമില്ല ടി വഴിയും പാർശ്വ ഭിത്തിയും നിർമിക്കുന്നതിനായി വാർഷിക പദ്ധതിയിൽ തുക ഉൾക്കൊള്ളിക്കുന്നതിനുള്ള അനുമതിക്കും നിർദ്ദേശത്തിനുമായി നഗരസഭ കൗൺസിലിൽ വിഷയം സമർപ്പിക്കുന്നതാണ് .

**അദാലത്ത് സമിതി തീരുമാനം**

അദാലത്ത് സമിതിക്കൊപ്പം അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ ടോണി ടോംനെ നേരിട്ട് കേട്ടു , പരാതിക്കാരനായ ശ്രീ ജയ്സോൺ യു വി യെ ഓൺലൈനിലും കേട്ടു . അസിസ്റ്റന്റ് എൻജിനീയറുടെ വിശദീകരണം തൃപ്തികരമല്ല എന്ന് സമിതി നിരീക്ഷിച്ചു . ഭരണ സമിതി അംഗീകരിച്ച് നടപ്പാക്കാൻ ചുമതലയുള്ള പദ്ധതി കരാറുകാരന്റെ അനാസ്ഥമൂലം ഫലശൂന്യമായത് പ്രദേശത്തെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളോടുള്ള അവഗണനയും നീതി നിഷേധവുമായി കരുതാവുന്നതാണ്. പ്രസ്തുത വീഴ്ച അംഗീകരിക്കാവുന്നതല്ല പദ്ധതി നടപ്പാക്കുന്നതിന് വഴി സൗകര്യം തടസ്സമായി വരാത്ത സാഹചര്യത്തിൽ,ടി പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിനും നടപടി വിവരം അദാലത്ത് സമിതിയെ അറിയിക്കുന്നതിനും മുൻസിപ്പൽ സെക്രട്ടറിക്കു നിർദ്ദേശം നൽകുന്നതിന് അദാലത്ത് സമിതി തീരുമാനിച്ചു.

വിശ്വസ്തതയോടെ

ജോസഫ് ടി എഫ്

JOSEPH. T.F
PEN - 717813
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala - 685603

കൺവീനർ (സിറ്റിസൺ അദാലത്ത് ...)

ഇന്റേണൽ വിജിലൻസ് ഓഫീസർ യൂണിറ്റ് 1,2

# കട്ടപ്പന നഗരസഭാ കാര്യാലയം

ഐ.എസ്.ഒ 9001 2015 സർട്ടിഫൈഡ് സ്ഥാപനം
കട്ടപ്പന പി.ഒ, ഇടുക്കി ജില്ല, പിൻ 685508
ഫോൺ - 04868272235 ഇ-മെയിൽ munsecktpna@gmail.com

നമ്പർ : ഇ1-19568 /2019 തീയതി 26 /06/2025

അസി.എൻജിനീയർ
കട്ടപ്പന നഗരസഭ.

ഇന്റേണൽ വിജിലൻസ് ഓഫീസർ 11
തദ്ദേശസ്വയംഭരണ വകുപ്പ് , ഇടുക്കി

സർ,

വിഷയം: കട്ടപ്പന മുനിസിപ്പാലിറ്റി- തദ്ദേശ സ്വയംഭരണ വകുപ്പ് - സിറ്റിസൺ അദാലത്ത് 2025- മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്
സൂചന- ശ്രീ. ജയ്മോൻ യു.വി., ഉറുമ്പോലിൽ , വാഴവര സമർപ്പിച്ച പരാതി

മേൽ സൂചന ശ്രദ്ധിച്ചാലും. കട്ടപ്പന നഗരസഭ 2022-23 വാർഷിക പദ്ധതിയിൽ പ്രോജക്ട് നം 333/23 ഡയറിപ്പടി വിരിപ്പിൽപ്പടി സൈഡ് വാൾ വാർഡ് 34 എന്ന പദ്ധതിക്ക് ( മെയ്ന്റനൻസ് ഫണ്ട്-റോഡ്) 2,25,000/- രൂപ വകയിരുത്തുകയും ഡി.പി.സി. അംഗീകാരം ലഭ്യമായിട്ടുള്ളതുമാണ്. പ്രവൃത്തി ടെണ്ടർ ചെയ്യുകയും ശ്രീ. വേണു സണ്ണി , പാലത്തിനാൽ , വള്ളക്കടവ് പ്രവൃത്തി നടപ്പിലാക്കുന്നതിന്23.03.2023 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. 2022-23 വർഷം പ്രവൃത്തി നടപ്പിലാകാത്തതിനാൽ 2023-24 വർഷം പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുകയും ( പ്രോജക്ട് നം 549/24 ) ചെയ്തു. എന്നാൽ റോഡിന്റെ സൈഡ് വാൾ കെട്ടുന്നതിന് മെറ്റീരിയൽ കൊണ്ടുപോകുന്നതിന് റോഡ് സൌകര്യം ലഭ്യമല്ല എന്ന കാരണത്താൽ കരാറുകാരൻ പ്രവൃത്തി നടപ്പിലാക്കിയില്ല. പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ 2024-05 വർഷം ടി പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയില്ല.

ടി റോഡും സൈഡ് വാളും നിർമ്മിക്കുന്നതിനായി വാർഷിക പദ്ധതിയിൽ തുക ഉൾക്കൊള്ളിക്കുന്നതിനുള്ള അനുമതിക്കും നിർദ്ദേശത്തിനുമായി നഗരസഭാ കൌൺസിലിൽ വിഷയം സമർപ്പിക്കുന്നതാണ്.

OFFICE OF THE ASSISTANT ENGINEER
MUNICIPALITY
Date................
★ KATTAPPANA ★

അസി.എൻജിനീയർ
കട്ടപ്പന നഗരസഭ.

ASSISTANT ENGINEER
KATTAPPANA MUNICIPALITY